**പതിനാലാം കേരള നിയമസഭ**
**പതിനെട്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 2113**

**11.03.2020- ൽ മറുപടിക്ക്.**

**വായ്പ നിഷേധിക്കപ്പെട്ട സംരംഭകർ**

ചോദ്യം
ശ്രീ. എസ്. രാജേന്ദ്രൻ

മറുപടി
**ഇ. പി. ജയരാജൻ**
**(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി).**

| ചോദ്യം | മറുപടി |
|---|---|
| (എ) പ്രളയാനന്തരം വാണിജ്യ വ്യവസായ വകുപ്പ് പ്രഖ്യാപിച്ച ഉജ്ജീവന പദ്ധതി പ്രകാരം അപേക്ഷ സമർപ്പിച്ച സംരംഭകർക്ക് പ്രളയം മൂലം തിരിച്ചടവിൽ വീഴ്ച പറ്റിയതിനാൽ സിബിൽ സ്കോർ തൃപ്തികരമല്ല എന്ന കാരണത്താൽ ബാങ്കുകൾ വായ്പ നിഷേധിക്കുന്ന വിഷയത്തിൽ ജില്ലാ വ്യവസായ കേന്ദ്രങ്ങൾ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ; | (എ) : ഉജ്ജീവന സഹായ പദ്ധതി റവന്യൂ (ദുരന്ത നിവാരണ വകുപ്പ്) നടപ്പിലാക്കിയിരിക്കുന്ന പദ്ധതിയാണ്. പ്രളയത്തിൽ തകർന്നത് വ്യവസായ യൂണിറ്റാണെങ്കിൽ അത് 2018-ലെ പ്രളയത്തിൽ ഉൾപ്പെട്ടതാണ് എന്നുള്ള സാക്ഷ്യപത്രം നൽകേണ്ട ചുമതലയാണ് ജില്ലാ വ്യവസായ കേന്ദ്രങ്ങൾക്കുള്ളത്. പ്രളയത്തിൽ തകർന്ന വ്യവസായ യൂണിറ്റുകൾക്ക് വായ്പ അനുവദിക്കുന്നത് ബന്ധപ്പെട്ട ബാങ്കുകളുടെയും സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റിയുടെയും മാർഗ്ഗരേഖ പ്രകാരമാണ്. എന്നിരുന്നാലും ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർമാർ ഉജ്ജീവന സഹായ പദ്ധതി പ്രകാരം ബാങ്കുകൾ വായ്പ നൽകാത്ത വിഷയങ്ങളിൽ ഇടപെടുകയും ബന്ധപ്പെട്ട ബാങ്കുകൾക്കും ലീഡ് ബാങ്ക് മാനേജർമാർക്കും കത്ത് നൽകുകയും ചെയ്തിരുന്നു. |

(ബി) ഇപ്രകാരം വായ്പ നിഷേധിക്കപ്പെട്ട സംരംഭകർക്കാർക്കെങ്കിലും ജില്ലാ വ്യവസായ കേന്ദ്രങ്ങളുടെ ഇടപെടലിലൂടെ ഏതെങ്കിലും ബാങ്ക് വായ്പ നൽകുന്നതിന് തയ്യാറായിട്ടുണ്ടോ ; എങ്കിൽ വായ്പ നൽകാൻ തയ്യാറായ ബാങ്ക് ഏതാണെന്ന് വ്യക്തമാക്കാമോ ?

(ബി) : ഉണ്ട്.

1. കാനറാ ബാങ്ക് നടാശ്ശേരി, വേളൂർ ശാഖകൾ, കോട്ടയം.
2. ബാങ്ക് ഓഫ് ഇൻഡ്യ, ഏറ്റുമാനൂർ, കോട്ടയം
3. സൗത്ത് ഇൻഡ്യൻ ബാങ്ക്, വാകത്താനം, കോട്ടയം
4. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ, കൊറ്റമം, എറണാകുളം.
5. ബാങ്ക് ഓഫ് ബറോഡ, ഇരിങ്ങാലക്കുട, തൃശ്ശൂർ.
6. യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ, മാള, തൃശ്ശൂർ
7. ബാങ്ക് ഓഫ് ഇന്ത്യ നെന്മണിക്കര, തൃശ്ശൂർ.

സെക്ഷൻ ഓഫീസർ.